## മധുരമായ കുട്ടികളെ– ആത്മാവാകുന്ന ദീപത്തിൽ യോഗമാകുന്ന നെയ്യൊഴിക്കൂ എങ്കിൽ ആത്മാവ് ശക്തിശാലിയായി തീരും.

**ചോദ്യം–** ആത്മാവാകുന്ന ബാറ്ററിയിൽ ശക്തി നിറയുന്നതിന്റെ ആധാരമെന്ത്?
**ഉത്തരം–** ആത്മാവാകുന്ന ബാറ്ററിയിൽ ശക്തി നിറയ്ക്കുന്നതിന് ബുദ്ധിയോഗത്തിന്റെ ശക്തി വേണം. ബുദ്ധിയോഗത്തിന്റെ ബലത്താൽ സർവ്വശക്തിവാനായ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ബാറ്ററി നിറയും. ബാറ്ററിയിൽ പവർ ഇല്ലാത്തിടത്തോളം ജ്ഞാനത്തിന്റെ ധാരണയും ഉണ്ടാകുകയില്ല. ആത്മാവിൽ പൂർണ്ണ പ്രകാശം വരാൻ സമയമെടുക്കുന്നു. ഓർമ്മിച്ച് ഓർമ്മിച്ച് മുഴുവൻ പ്രകാശം വരുന്നു.

**ഗീതം– രാത്രിയിലെ യാത്രക്കാരാ തളരരുത്....**

**ഓം ശാന്തി.** കുട്ടികൾ ഗീതത്തിന്റെ അർത്ഥം കേട്ടു, നിങ്ങൾ കുട്ടികൾ ഇപ്പോൾ പകലിലേക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുന്നു. പുതിയ ലോകത്തിൽ പ്രകാശം തന്നെ പ്രകാശമാണ്. പഴയ ലോകത്തിൽ അന്ധകാരം തന്നെ അന്ധകാരമാണ്. ഇതാണ് ബ്രഹ്മാവിന്റെ ഘോരമായ അന്ധകാരം നിറഞ്ഞ രാത്രി. നിങ്ങൾ ഇപ്പോൾ പകലിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. ബാബ കുട്ടികളോട് പറയുന്നു– ബുദ്ധിയോഗം വച്ച് വച്ച് ക്ഷീണിക്കരുത്. എത്രത്തോളം നിങ്ങൾ യോഗം വെയ്ക്കുന്നൊ അത്രയും വെളിച്ചം ഉണ്ടാകുന്നു. അണഞ്ഞു പോയ ആത്മാവാകുന്ന ജ്യോതിയുടെ ദീപം തെളിയുന്നു. സ്ഥൂലത്തിൽ കറന്റ് പെട്ടെന്ന് വരുന്നു, എന്നാൽ ആത്മാവിൽ മുഴുവൻ പ്രകാശം വരാൻ സമയമെടുക്കുന്നു. അവസാനം വരെ മുഴുവൻ വരും. യോഗം ചെയ്തു കൊണ്ടേയിരിക്കണം. മോട്ടറിന്റെ ബാറ്ററിയും മുഴുവൻ രാത്രികൊണ്ട് നിറയുന്നു, അതേപോലെ ഇതും മോട്ടർ ആണ്. ഇതിലുള്ള എണ്ണ ഇപ്പോൾ തീർന്നു പോയി അർത്ഥം പവർ കുറഞ്ഞു. ബാബയെ പവർഫുൾ, ശക്തിശാലി എന്നല്ലേ പറയുന്നത്. ഈ ബാറ്ററിയിൽ ബുദ്ധിയോഗത്തിന്റെ ബലത്തിലൂടെയല്ലാതെ പവർ വരില്ല. സർവ്വശക്തിവാനായ ബാബയുമായി യോഗം വെയ്ക്കുന്നതിലൂടെ തന്നെയാണ് മുഴുവൻ ബാറ്ററി നിറയുന്നത്. ബാറ്ററി നിറയാതെ ജ്ഞാനത്തിന്റെ ധാരണയും ഉണ്ടാകുകയില്ല. അടിക്കടി ബാബ പറയുന്നു– എന്നെ ഓർമ്മിക്കൂ, സമ്പത്തെടുത്തോളൂ. മൻമനാഭവ, എത്ര സഹജമായ കാര്യമാണ്. മനുഷ്യർ രാമ രാമാ എന്ന് ജപിച്ചു കൊണ്ടിരിക്കുന്നു, രാമ രാജ്യം വേണമെന്ന് ആഗ്രഹിക്കുന്നുമുണ്ട്. പക്ഷേ രാമ രാമ എന്നു ജപിക്കുന്നതിലൂടെ രാമ രാജ്യം ഒരിക്കലും ഉണ്ടാകുകയില്ല. ഗംഗയുടെ തീരത്തിരുന്ന് ജന്മ ജന്മാന്തരങ്ങളിലായി രാമ രാമാ എന്ന് വിളിച്ചു. രാമ രാജ്യം എന്നു പറയുന്നത് എന്തിനെയാണ്, ഇതാർക്കും അറിയില്ല. തീർച്ചയായും രാമൻ തന്നെയാണ് രാമ രാജ്യം സ്ഥാപിക്കുന്നത്. അവരുടെ ബുദ്ധിയിൽ സീതയുടെയും രാമന്റെയും രാജ്യമാണ് വരുന്നത്. ആ രാമ രാജ്യത്തിൽ രാമന് പോലും വിശ്രമമുണ്ടായിരുന്നില്ല. രാജാവായ രാമന്റെ സ്ത്രീ മോഷ്ടിക്കപ്പെട്ടുവെങ്കിൽ പിന്നെ പ്രജകളുടെ ഗതിയെന്താകും. ഇവിടെയും രാജാക്കൻമാരുടെ സ്ത്രീ ഒരിക്കലും മോഷ്ടിക്കപ്പെടുന്നില്ല, ഇത് മനുഷ്യർ രാമനെയും സീതയെയും കുറിച്ചാണ് പറയുന്നത്. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യമാണ്. വാസ്തവത്തിൽ രാമൻ എന്നു പറയുന്നത് പരമപിതാ പരമാത്മാവിനെയാണ്. പാടുന്നുണ്ട്– അങ്ങ് മാതാ പിതാവാണ്.. ഏത് മാതാ പിതാവിനെ കുറിച്ചാണ് പാടുന്നത്? ഒന്ന് ലൗകിക മാതാ പിതാവ്, അവർക്ക് ഈ മഹിമ ചെയ്യാറില്ല. അപ്പോൾ മറ്റേതോ പരമപിതാവുണ്ട്, അതിനാൽ മാതാവും ഉണ്ടായിരിക്കണം. അപ്പോൾ മഹിമയുള്ളത് പാരലൗകിക മാതാ പിതാവിനാണ്. ചോദിക്കാറുണ്ട്– ആരാണ് സൃഷ്ടാവ്? ഉടൻ പറയും– ഗോഡ് ഫാദർ. അപ്പോൾ മാതാ പിതാവാണെന്ന് തെളിയുന്നു. ഈ സമയത്ത് തന്നെയാണ് രണ്ട് മാതാ പിതാവുണ്ടാകുന്നത്. സത്യയുഗത്തിൽ കേവലം ഒരു മാതാ പിതാവേ ഉണ്ടായിരിക്കുകയുള്ളു. ലൗകീക മാതാ പിതാവുണ്ടായിട്ടും, ഇവിടെ പാടുന്നു– അങ്ങാണ് മാതാ പിതാവെന്ന്.... ഈ സമയത്ത് കുട്ടികളാകുന്ന നമ്മുക്ക് ബാബയിലൂടെ അളവറ്റ സുഖം ലഭിക്കുന്നു, പിന്നെ ഒരു മാതാ പിതാവായി തീരുന്നു. പാരലൗകീക മാതാപിതാവിലൂടെ സത്യയുഗത്തിന്റെ പ്രാലബ്ധത്തിൽ അളവറ്റ സുഖം ലഭിക്കുന്നു, ആ മാതാപിതാവിന് തന്നെയാണ് മഹിമയുള്ളത്. എന്നിട്ടും ഇങ്ങനെയുള്ള ബാബയെ ഓർമ്മിക്കാൻ കുട്ടികൾ മറന്നു പോകുന്നു. നിങ്ങൾ കുട്ടികളാണെങ്കിൽ ബാബ വന്നിരിക്കുന്നു എന്ന പരിചയം സർവ്വർക്കും നല്കണം. സദാ ശിവബാബയും ബ്രഹ്മാബാബയുമാണ് പറയുന്നത്. പ്രജാപിതാവിന്റെ പേര് പ്രശസ്തമാണ്. ശിവബാബ, ബ്രഹ്മാബാബ. ലൗകിക പിതാവ്, പാരലൗകിക പരമപിതാവ്, ആ ബാബ എങ്ങനെ മാതാവും പിതാവുമാകുന്നു– ഇത് വളരെ ഗുഹ്യമായ കാര്യമാണ്. ആര് വന്നാലും ആദ്യം അവരോട് ചോദിക്കൂ– പരമപിതാ പരമാത്മാവ് താങ്കൾക്ക് ആരായി തോന്നുന്നു? പ്രജാപിതാവ് താങ്കളുടെ ആരായി തോന്നുന്നു? ജഗദംബ ഗുപ്തമാണ്, അപ്പോൾ ഈ ബ്രഹ്മാവും ഗുപ്തമാണ്. ഈ ബ്രഹ്മാവ് വലിയ

അമ്മയാണ്. ലൗകിക അച്ഛന്റെ നാമ രൂപ ദേശ കാലം എല്ലാം അറിയാം. അപ്പോൾ നിങ്ങൾ അവർക്ക് പാരലൗകിക മാതാ പിതാവിന്റെ നാമം, രൂപം, ദേശം, കാലം, കർത്തവ്യം ഇവ കേൾപ്പിക്കൂ. മമ്മയുടെയും വലിയ അമ്മയാണ് ബ്രഹ്മാവ്. വലിയ അമ്മയിലൂടെ കുട്ടികളെ ദത്തെടുക്കുന്നു അപ്പോൾ മാതാ പിതാവ് ഒന്നിച്ച് ആകുന്നു. ഇവരെ മാതാ പിതാവ് അഥവാ ബാപ്ദാദ എന്നു വിളിക്കുന്നു. മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കാൻ വളരെ യുക്തികൾ ഉണ്ടായിരിക്കണം. വലിയ ബോർഡിൽ എഴുതണം– നിരാകാരനായ പരമപിതാ പരമാത്മാവിനെ സർവ്വരും ഓർമ്മിക്കുന്നുണ്ട് എന്നാൽ എങ്ങനെ മാതാപിതാവായി തീരുന്നു എന്ന് അറിയുന്നില്ല. ഇത്രയും പോലും മനുഷ്യരുടെ ബുദ്ധിയിൽ വരുന്നില്ല കാരണം കാര്യങ്ങൾ വളരെ വിചിത്രമാണ്, ബാബ തന്നെയാണ് അത് വന്ന് കേൾപ്പിക്കുന്നത്. ആത്മാവ് പറയുന്നു– ഓ.. പരമപിതാ പര മാത്മാ, ബാബയും ആത്മാവാണ് എന്നാൽ സുപ്രീം ആണ്. സുപ്രീം അർത്ഥം പരമം. ബാബ പരമധാമി ലാണ് വസിക്കുന്നത്, ജനന മരണ ചക്രത്തിൽ വരുന്നില്ല, വന്ന് കുട്ടികളെ പതിത ജനന മരണത്തിൽ നിന്നും വിടുവിക്കുന്നു. പാവനമായ ജനന മരണത്തിൽ നിന്നും വിടുവിക്കുന്നില്ല. പതിത ആത്മാവിനെ തന്നെയാണ് പാവന ആത്മാവാക്കുന്നത്, അതിനാൽ ബാബയെ പതിത പാവനൻ എന്നു പറയുന്നു. മനു ഷ്യരാണെങ്കിൽ രാമന്റെയും സീതയുടെയും അർത്ഥം പോലും മനസ്സിലാക്കുന്നില്ല. വാസ്തവത്തിൽ സർവ്വ ഭക്തരും സീതമാരാണ്. ഒരേയൊരു പ്രിയതമനായ പരമാത്മാവിനെയാണ് ഓർമ്മിക്കുന്നത്.

ബാബ പറയുന്നു– കുട്ടികളെ ഈ സമയത്ത് മുഴുവൻ ലോകത്തിലും രാവണ രാജ്യമാണ്. ലങ്കയിൽ മാത്ര മല്ല. രാവണനെ കത്തിക്കുന്നതും ഇവിടെ തന്നെയാണ്. ലങ്ക ഹിന്ദുസ്ഥാനിൽ അല്ല. അത് ബുദ്ധ മതക്കാ രുടെ വേറെ ഖണ്ഡമാണ്. അപ്പോൾ ഈ സമയത്ത് മുഴുവൻ ലോകവും രാവണന്റെ ബന്ധനത്തിലാണ്. മുഴുവൻ ലോകത്തിലും രാവണ രാജ്യമാണ്. അര കല്പം രാമ രാജ്യം, അര കല്പം രാവണ രാജ്യം. അര കല്പം പകൽ, അര കല്പം രാത്രി. ഈ കാര്യങ്ങളെല്ലാം ബുദ്ധിയിൽ വയ്ക്കേണ്ടതാണ്. ഈ സമയത്ത് നിങ്ങൾ രാവണന്റെ മേൽ വിജയം നേടി കൊണ്ടിരിക്കുന്നു. ആരാണോ പൂർണ്ണമായും വിജയം നേടുന്ന ത് അവർ തന്നെയാണ് അധികാരിയാകുന്നത്. സത്യയുഗത്തിന്റെ ആദിയിൽ ലക്ഷ്മി നാരായണന്റെ രാജ്യ മായിരുന്നു. അവർ ഈ സ്വർഗ്ഗത്തിന്റെ പ്രാലബ്ധം എങ്ങനെ എപ്പോൾ നേടി? സത്യയുഗത്തിൽ വളരെ കുറച്ചു മനുഷ്യരെ ഉണ്ടായിരിക്കുകയുള്ളു. ലക്ഷത്തിന്റെ അളവിലായിരിക്കും. യമുനയുടെ തീരത്തായി രിക്കും രാജധാനി. അവിടെ ഒരു വികാരവും ഉണ്ടായിരിക്കില്ല. പറയാറുണ്ട് സമ്പൂർണ്ണ നിർവ്വികാരി. കുട്ടി കളും യോഗബലത്തിലൂടെയാണ് ജന്മമെടുക്കുന്നത്. അവിടെ കരച്ചിലും വഴക്കൊന്നും ഉണ്ടായിരിക്കില്ല. എന്നാൽ ആദ്യം ഈ കാര്യങ്ങളൊന്നും പുറത്തെടുക്കേണ്ട ആവശ്യമില്ല. ആദ്യം പറഞ്ഞു കൊടുക്കണം– നിരാകാരനായ പരമ പിതാ പരമാത്മാവും നമ്മൾ ആത്മാക്കളും പരലോകത്തിൽ നിന്നാണ് വരുന്നത്, അപ്പോൾ പാരലൗകിക പരമപിതാവുമായി നിങ്ങൾക്ക് എന്ത് ബന്ധമാണ് ഉള്ളത്? ഇതാണ് നമ്പർ വൺ ആയ കാര്യം. ആദ്യം ഈ അച്ഛന്റെ സംബന്ധത്തെ കുറിച്ച് പറയൂ, പിന്നെ മാതാവിന്റെയും സമ്പത്തി ന്റെയും സംബന്ധം മനസ്സിലാകും. ഒരു അല്ലാഹുവിനെ മറന്നതിലൂടെ തന്നെയാണ് എല്ലാം മറന്നത്. രാവ ണൻ ആദ്യമാദ്യം അല്ലാഹുവിൽ നിന്നു തന്നെ മറപ്പിച്ചു. പിന്നെ അല്ലാഹുവിന്റെ സഹായത്താൽ നാം രാ വണനു മേൽ വിജയം നേടുന്നു. മനസ്സിലാക്കി കൊടുക്കാൻ നിറയെ പോയിന്റ്സ് ഉണ്ട്. പ്രദർശിനിയിൽ മുഖ്യകാര്യം അൽഫിനെ കുറിച്ച് മനസ്സിലാക്കി കൊടുക്കണം. അൽഫിന് ശേഷമാണ് ബേ വരുന്നത്. അൽഫിനെ മനസ്സിലാക്കിയില്ലായെങ്കിൽ ഒന്നും മനസ്സിലാക്കിയില്ല. എത്ര തന്നെ പരിശ്രമിച്ചാലും. പരമപി താവുണ്ടെങ്കിൽ തീർച്ചയായും പിതാവിൽ നിന്നു തന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. ബാബയുടെ സമ്പത്ത് ലഭിച്ചുവെങ്കിൽ , സമ്പത്തിന്റെ അവകാശിയായി തീരുകയാണ്. ത്രിമൂർത്തിയിലൂടെ പറഞ്ഞു കൊടുക്കാൻ എത്ര സഹജമാണ്. മുകളിൽ ബാബയെ കാണിക്കുന്നു, താഴെ ലക്ഷ്മീ നാരായണൻ ..സമ്പത്ത്, വിഷ്ണു നിൽക്കുന്നു. ബാബ പറയുന്നു– എന്നെ ഓർമ്മിക്കൂവെങ്കിൽ ഈ സമ്പത്ത് നേടാൻ സാധിക്കും. കുട്ടികൾ പറയുന്നു– ബാബാ അങ്ങ് നിരാകാരനാണ്, അങ്ങ് എങ്ങനെ സമ്പത്ത് നല്കും? കുട്ടികളെ, ഞാൻ ബ്രഹ്മാ വിലൂടെയാണ് നല്കുന്നത്. ആര് വന്നാലും അവർക്ക് ഈ കാര്യം മനസ്സിലാക്കി കൊടുക്കൂ. മുഖ്യമായ കാര്യം ത്രിമൂർത്തിയുടേതാണ്. ത്രിമൂർത്തി ബ്രഹ്മാവിന് യാതൊരു അർത്ഥവുമില്ല. മനസ്സിലാക്കികൊടുക്ക ണം– ഇത് നിരാകാരനായ ശിവബാബ. ശിവബാബയെ തന്നെയാണ് ജ്ഞാന സാഗരൻ എന്നു പറയുന്നത്. പിന്നെ ഈ സമ്പത്ത്. ബാബ നിരാകാരനാണ്. പിന്നെ എങ്ങനെ ഈ ലക്ഷ്മി നാരായണന് സമ്പത്ത് ലഭിച്ചു, എവിടെ നിന്നു വന്നു? നിങ്ങൾ സ്വയത്തെ വിഷ്ണു കുമാരൻ എന്നു പറയില്ല. നിങ്ങൾ ബി കെയാ ണ്. ബ്രഹ്മാപുരി മനുഷ്യരുടേതാണെന്നാണ് പറയുക. ഇവിടെ പ്രത്യേകിച്ചും ബ്രാഹ്മണരെ രചിക്കുന്നു. സിന്ധിലും ബ്രഹ്മാപുരി ഉണ്ടായിരുന്നു, ഇതാരാണ് മനസ്സിലാക്കി തന്നത്?(ശിവബാബ) എപ്പോഴും ബാപ്ദാദ എന്നു പറയണം. ഇടയ്ക്ക് ശിവബാബ, ഇടയ്ക്ക് ബ്രഹ്മാബാബ സംസാരിക്കും. രണ്ട് ആത്മാക്കളുടെയും മുഖം ഒന്ന് തന്നെയല്ലേ. ഏപ്പോൾ ആരെ വേണോ ഉപയോഗിക്കും. ബന്ധനമൊന്നും ഇല്ല. അപ്പോൾ ആദ്യത്തെ കാര്യം ഇതാണ്– ജ്ഞാന സാഗരൻ ഗീതയുടെ ഭഗവാൻ ബാബയാണ്, ബാബ പറയുന്നു– ഈ

ബ്രഹ്മാ, വിഷ്ണു, ശങ്കരൻ സൂക്ഷ്മ വതനവാസി ദേവതമാരാണ്. ഈ ബ്രഹ്മാവ് മനുഷ്യനാണ്, സമ്പൂർണ്ണ മാകുമ്പോൾ ദേവത എന്ന് അറിയപ്പെടും. ഇദ്ദേഹം തപസ്സ് ചെയ്ത് പിന്നെ ദേവതയായി തീരുന്നു. ഈ ബ്രഹ്മാകുമാർ കുമാരിമാരെ ബ്രഹ്മാവിലൂടെ ഭഗവാനാണ് പഠിപ്പിക്കുന്നത്. ചിത്രങ്ങൾ വച്ച് നല്ല രീതിയിൽ പറഞ്ഞു കൊടുക്കണം. മനസിലാക്കിക്കൊടുക്കാൻ വളരെ സഹജമാണ്. ഇത് ശിവബാബ, ഇത് സമ്പത്ത്. ഈ ശിവൻ നിരാകാരനാണ് അതിനാൽ ബ്രഹ്മാവിലൂടെ നല്കുന്നു. ബ്രഹ്മാവിലൂടെ സ്വർഗ്ഗത്തിന്റെ സ്ഥാപ ന. തീർച്ചയായും ഇതേ പോലെയാകുന്നതിന് ഇപ്പോൾ തന്നെയാണ് രാജയോഗം പഠിക്കുന്നത്. ഇത് ശിവ പുരി, ഇത് വിഷ്ണു പുരി. ശരി

മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയുടെ ഓർമ്മയിലൂടെ രാവണനാകുന്ന മായയുടെ മേൽ വിജയം നേടണം. സർവ്വർക്കും അല്ലാ ഹുവിന്റെ പരിചയം നല്കണം.

2) ഓർമ്മയുടെ യാത്രയിൽ ക്ഷീണിക്കരുത്. തന്റെ ബാറ്ററി ചാർജ് ചെയ്യുന്നതിന് സർവ്വശക്തിവാനായ ബാബയെ ഓർമ്മിക്കണം.

## വരദാനം:- ഒരു ബാബയുടെ ഓർമയിലൂടെ ഏകരസസ്ഥിതിയുടെ അനുഭവം ചെയ്യുന്നവരായ സാരസ്വരൂപരായി ഭവിക്കട്ടെ

ഏകരസസ്ഥിതിയിലിരിക്കുന്നതിനുള്ള സഹജവിധിയാണ് ഒന്നിന്റെ ഓർമ. ഒരു ബാബ രണ്ടാമതൊരാളില്ല. വിത്തിൽ എല്ലാം അടങ്ങിയിരിക്കുന്നതു പോലെ ഇങ്ങനെ ബാബയും വിത്താണ്, ഏതൊന്നിലാണോ സർ വ സംബന്ധങ്ങളുടെയും സർവ പ്രാപ്തികളുടെയും സാരം അടങ്ങിയിരിക്കുന്നത്. ഒരു ബാബയെ ഓർ മിക്കുക എന്നാൽ സാരസ്വരൂപമാകുക. അപ്പോൾ ഒരു ബാബ രണ്ടാമതൊരാളില്ല-ഈ ഒന്നിന്റെ ഓർമ ഏ കരസസ്ഥിതിയുണ്ടാക്കുന്നു. ആര് ഒരു സുഖദാതാവായ ബാബയുടെ ഓർമയിലിരിക്കുന്നുവോ അവരു ടെയടുക്കൽ ദു:ഖത്തിന്റെ അലകൾക്ക് ഒരിക്കലും വരാൻ സാധിക്കില്ല. അവർക്ക് സ്വപ്നം പോലും സു ഖത്തിന്റെ, സന്തോഷത്തിന്റെ, സേവനത്തിന്റെ, മിലനമാഘോഷിക്കുന്നതിന്റേതാണ് വരുന്നത്.

## സ്ലോഗൻ:- ശ്രേഷ്ഠ ആശകളുടെ ദീപം തെളിയിക്കുന്നവർ തന്നെയാണ് സത്യമായ കുലദീപങ്ങൾ

### മാതേശ്വരി ജിയുടെ അമൂല്യ മഹാവാക്യങ്ങൾ
### 'പരമാത്മാവിലൂടെ ആദ്യ ലോട്ടറി എന്തുകൊണ്ട് വിജയിച്ചുകൂടാ'

നോക്കൂ ധാരാളം പേർ ഇങ്ങനെ കരുതുന്നു അൽപമെന്തെങ്കിലും പുരുഷാർഥം ചെയ്താലും ഞങ്ങളും വൈകുണ്ഠത്തിൽ വരുമല്ലോ, പക്ഷേ അവർ ഇതാലോചിക്കണം പരമാത്മാ പിതാവു വന്നിരിക്കയാണ് അ പ്പോൾ പൂർണ സമ്പത്തെടുക്കുന്നതിന് വിദ്യാർഥിയുടെ ജോലിയാണ് സമ്പൂർണ പുരുഷാർഥം ചെയ്ത് സ്കോളർഷിപ്പ് നേടുക, അപ്പോൾ ആദ്യനമ്പർ ലോട്ടറി എന്തു കൊണ്ട് വിജയിച്ചുകൂടാ! അവരാണ് വിജ യമാലയിൽ കോർക്കപ്പെടുക. ബാക്കി രണ്ടു ലഡ്ഢു പിടിച്ച് ഇവിടത്തെയും പരിധിയുള്ള സുഖമെടുക്കാം അവിടെയും വൈകുണ്ഢത്തിൽ കുറച്ചെന്തെങ്കിലും സുഖം നേടാം. ഇങ്ങനെ വിചാരിക്കുന്നയാളെ മധ്യ മനെന്നും കനിഷ്ഠപുരുഷാർഥിയെന്നും പറയും സർവോത്തമപുരുഷാർഥിയല്ല. ബാബ നൽകുന്നതിൽ യാതൊരു ഒഴിവും കാണിക്കുന്നില്ല എങ്കിൽ എടുക്കുന്നവർക്ക് എന്തിനാണു മടി? അതാണ് ഗുരുനാനാക്ക് പറഞ്ഞത് പരമാത്മാ ദാതാവാണ്, സമർത്ഥനാണ് എന്നാൽ ആത്മാക്കൾക്ക് എടുക്കുവാൻ ശക്തിയില്ലെ ങ്കിൽ, നൽകുന്നയാൾ നൽകുന്നു എടുക്കുന്നയാൾ ക്ഷീണിച്ചുപോകുന്നു, താങ്കളുടെ മനസിൽ വരുന്നു ണ്ടാകും നമുക്കെന്തുകൊണ്ട് ആഗ്രഹച്ചുകൂടാ നമുക്കും ഈ പദവി നേടണം. എന്നാൽ നോക്കൂ ബാബ എത്ര പരിശ്രമിക്കുന്നു, എന്നിട്ടും മായ എത്ര വിഘ്നമിടുന്നു എന്തുകൊണ്ട്? ഇപ്പോൾ മായയുടെ രാജ്യം സമാപ്തമാകാൻ പോകുകയാണ്. ഇപ്പോൾ മായ എല്ലാ സാരവും കളഞ്ഞിരിക്കുന്നു, അപ്പോഴാണ് പരമാ

ത്മാവു വരുന്നത്, ആരിലാണോ എല്ലാ രസവും അടങ്ങിയിട്ടുള്ളത്, ആരിൽ നിന്നാണോ എല്ലാ സംബന്ധത്തിന്റെയും സത്ത ലഭിക്കുന്നത്, അപ്പോഴാണ് നീ തന്നെ മാതാവും പിതാവും....ഇങ്ങനെയെല്ലാം ഈ മഹിമ ആ പരമാത്മാവിന്റേതാണ്, അപ്പോൾ ഇങ്ങനെയുള്ള സംബന്ധമുണ്ടായിരിക്കുന്ന ഈ സമയത്തിന്റേതു തന്നെയാണ് ബലിയർപ്പണം.